# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 24**

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, സഭാ പ്രതിനിധി മണ്ഡലാംഗങ്ങളും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്***

കർത്താവിൽ വാത്സല്യമുള്ളവരെ,

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ 351–ാം നമ്പർ സർക്കുലർ കല്പന മൂലം 2020 മാർച്ച് 31–ന് 2017–2020–ലെ മണ്ഡലത്തിന്റെ കാലാവധി അവസാനിക്കുകയും 2020 ഏപ്രിൽ 1 മുതൽ 2020–2023 കാലഘട്ടത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട് സഭാ ഭരണഘടന 124, 148 വകുപ്പുകൾ പ്രകാരം സത്യപ്രതിജ്ഞ ഒപ്പിട്ടയച്ചിരിക്കുന്ന മണ്ഡലാംഗങ്ങൾക്ക് 2020 ഏപ്രിൽ 1 മുതൽ ഇടവക കൈസ്ഥാന സമിതിയിൽ അംഗത്വം നല്കുകയും ചെയ്തിരുന്നുവല്ലോ. ലോകമെമ്പാടും വ്യാപിച്ച കോവിഡ്–19 മുലം 2020 സെപ്റ്റംബർ 2,3,4 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന സഭാപ്രതിനിധി മണ്ഡലയോഗം സഭാ ഭരണഘടന 64–ാം വകുപ്പനുസരിച്ച്, 2020 മെയ് 22ന് കൂടിയ എപ്പിസ്കോപ്പൽ സിനഡിന്റെ ആലോചനപ്രകാരം മാറ്റിവച്ച വിവരം 367–ാം നമ്പർ സർക്കുലർ പ്രകാരം എല്ലാ ഇടവകകളേയും സഭാ പ്രതിനിധി മണ്ഡലാംഗങ്ങളേയും അറിയിച്ചിരുന്നു. 2021 ജനുവരി 12–നു കൂടിയ സഭാ കൗൺസിൽ, സഭാ ഭരണഘടന 104–ാം വകുപ്പനുസരിച്ച് അടുത്ത മണ്ഡലയോഗം കൂടുന്നതു സംബന്ധിച്ച് നടന്ന വിശദമായ ചർച്ചയിൽ കോവിഡ് വ്യാപനത്തിന്റെ വ്യാപ്തിയും ലോക്ഡൗൺ നിബന്ധനകളും മൂലം എല്ലാ മണ്ഡലാംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് നേരിട്ടോ ഓൺലൈൻ മുഖാന്തിരമോ മണ്ഡലയോഗം നടത്തുന്നതിനുള്ള സാങ്കേതികവും പ്രായോഗികവുമായ ബുദ്ധിമുട്ടുകൾ ബോധ്യമായതിനാൽ സഭാ ഭരണഘടന 390(A) പ്രകാരം സഭാ കൗൺസിലും അന്നേദിവസം കൂടിയ എപ്പിസ്ക്കോപ്പൽ സിനഡ് സഭാ ഭരണഘടന 64–ാം വകുപ്പ് അനുസരിച്ചും യുക്തമായ തീരുമാനം കൈക്കൊള്ളുന്നതിനു മെത്രാപ്പോലീത്തായോട് അപേക്ഷിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2021 മാർച്ചിനു മുൻപ് സഭാപ്രതിനിധി മണ്ഡലം കൂടുന്നതിന് സാധിക്കാതെ ഇരിക്കുന്ന വിവരം 2021 ജനുവരി മാസം 25–ാം തീയതിയിലെ മെത്രാപ്പോലീത്തായുടെ 8–ാം നമ്പർ സർക്കുലർ പ്രകാരം ഏവരേയും അറിയിച്ചിരുന്നുവല്ലോ. എന്നാൽ ഇപ്പോഴും കോവിഡ്–19 വ്യാപനവും ലോക്ഡൗൺ നിയന്ത്രണങ്ങളും തുടരുന്നതിനാൽ 2021 ജൂലൈ 14–ന് കൂടിയ സഭാ കൗൺസിൽ മണ്ഡലയോഗം കൂടുന്നത് സംബന്ധിച്ച ചർച്ചയിൽ സഭയുടെ നിയമകാര്യ കമ്മറ്റി ശുപാർശപ്രകാരം മണ്ഡലയോഗം കൂടുന്നത് അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നത് ഉചിതമല്ലെന്നും അംഗങ്ങൾ ഏവർക്കും ഒരുമിച്ച് പങ്കെടുക്കത്തക്കവണ്ണം ഉള്ള വെബിനാർ പാക്കേജ് ലഭ്യമായതിനാലും ഭരണഘടന നിർദ്ദേശിച്ച രീതിയിൽ മണ്ഡലയോഗം നടത്താൻ കഴിയാത്ത സാഹചര്യത്തിൽ സഭാഭരണഘടന 390(A) വകുപ്പ് പ്രകാരം 2019–20, 2020–21 വർഷങ്ങളിലെ മണ്ഡലയോഗം 2021 ഒക്ടോബർ 13,14,15 (ബുധൻ, വ്യാഴം, വെള്ളി) തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ സ്മാരക ഓഡിറ്റോറിയത്തിൽ വച്ച് വെബിനാർ വഴി നടത്തുന്നതിനും സഭാ കൗൺസിൽ അംഗങ്ങൾ, സഭാ സെക്രട്ടറി, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി & ട്രഷറാർ, വൈദിക തെരഞ്ഞെടുപ്പ് കമ്മറ്റി അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കുന്നതിനും ഏകാഭിപ്രായമായി മെത്രാപ്പോലീത്തായോട് ആവശ്യപ്പെട്ടപ്രകാരം മണ്ഡലയോഗം സംബന്ധിച്ച് താഴെപറയുന്ന നിബന്ധനകൾ നാം ഏവരേയും അറിയിക്കുന്നു. സഭാ ഭരണഘടന 107–ാം വകുപ്പ് പ്രകാരം മണ്ഡലം അംഗീകരിക്കുന്ന നിശ്ചയങ്ങൾ എപ്പിസ്കോപ്പൽ സിനഡിന്റെ അനുമതിക്കായി സമർപ്പിക്കേണ്ടതും സിനഡിന്റെ അനുമതി നൽകുന്ന നിശ്ചയങ്ങളെ മെത്രാപ്പോലീത്താ കല്പന മൂലം സഭ ഒട്ടുക്കും പരസ്യം ചെയ്യേണ്ടതുമായിരിക്കെ 2020–ൽ പ്രതിനിധി മണ്ഡലം കൂടാൻ സാധിക്കാത്ത പ്രത്യേക സാഹചര്യത്തിൽ സഭയുടേയും സ്ഥാപനങ്ങളുടേയും 2019–20 ലെ റിപ്പോർട്ടും വരവു ചെലവു കണക്കും 2020–21 ലെ ബഡ്ജറ്റും 2021 ഒക്ടോബർ 13,14,15–ൽ നടത്തപ്പെടുന്ന മണ്ഡല

യോഗങ്ങൾക്കു ശേഷം സിനഡ് പരിഗണിച്ച് അംഗീകരിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് സഭയുടെയും സ്ഥാപനങ്ങളുടേയും 2020-21 ലെ റിപ്പോർട്ടും വരവു ചെലവു കണക്കും തുടർന്ന് 2021-22ലെ ബഡ്ജറ്റും അതേ യോഗത്തിൽ തന്നെ അവതരിപ്പിച്ചു ചർച്ച ചെയ്തു പാസ്സാക്കുന്നതിനു സഭാ ഭരണഘടന 390(A) വകുപ്പനുസരിച്ചു നാം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

മണ്ഡലം സംബന്ധിച്ചുള്ള നിയമാനുസൃതമായ നോട്ടീസ് സഭാ സെക്രട്ടറി അയച്ചു തരുന്നതാണ്, മെത്രാപ്പോലീത്താ, എപ്പിസ്കോപ്പാമാർ, ഔദ്യാഗിക ഭാരവാഹികൾ, സഭാ കൗൺസിൽ അംഗങ്ങൾ, റിക്കോർഡിംഗ് സെക്രട്ടറിമാർ എന്നിവർ യോഗം നടക്കുന്ന ഡോ. അലക്സാണ്ടർ മാർത്തോമ്മാ സ്മാരക ആഡിറ്റോറിയത്തിൽ ആയിരിക്കയും മണ്ഡലാംഗങ്ങൾ സഭാ ആഫീസിൽ നിന്നും പ്രത്യേകം നൽകുന്ന ലിങ്കിലൂടെ യോഗത്തിൽ സംബന്ധിക്കേണ്ടതുമാണ്.

ഭദ്രാസനങ്ങളിൽകൂടെയും പോസ്റ്റൽ ബാലറ്റ് മുഖാന്തരവും നടത്തപ്പെടുന്ന തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള ചട്ടങ്ങൾ ചുവടെ ചേർക്കുന്നു: –

1. തെരഞ്ഞെടുപ്പ് അതിഗൗരവമായ ചുമതലയും ശ്രദ്ധയോടെ ചെയ്യേണ്ടതുമാകയാൽ മണ്ഡലാംഗങ്ങൾ പ്രാർത്ഥനാപൂർവ്വം വിശ്വസ്തതയോടെ ആ കർത്തവ്യം നിറവേറ്റേണ്ടതാണ്.
2. തെരഞ്ഞെടുക്കപ്പെടുന്നവർ ദൈവഭക്തിയും ഉത്തമസ്വഭാവവും ഉള്ളവരും, സഭയുടെ ദൗത്യത്തിൽ പങ്കാളികളാകുവാൻ സന്നദ്ധതയുള്ളവരും, ആയതിന് സമയം കണ്ടെത്തുവാൻ കഴിയുന്നവരും ആയിരിക്കണം.
3. 2021 ജൂലൈ 19–ാം തീയതി തിങ്കളാഴ്ച 5.00 പി. എം. വരെ ലഭിക്കുന്ന മണ്ഡലാംഗങ്ങളുടെ പേരുവിവരം ചേർത്ത് 2021 ജൂലൈ 20–ാം തീയതി ചൊവ്വാഴ്ച 11.00 എ. എം–ന് സഭാ സെക്രട്ടറി വോട്ടർ പട്ടിക സഭാ ആഫീസിൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത ലിസ്റ്റിന്റെ പ്രാദേശികമായ പ്രസക്തഭാഗങ്ങൾ അതത് ഭദ്രാസന ആസ്ഥാനങ്ങളിൽ ജൂലൈ 20–ാം തീയതി ചൊവ്വാഴ്ച 4.00 പി. എം–ന് പ്രസിദ്ധീകരിക്കും.
4. ഈ ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉള്ള പക്ഷം 2021 ജൂലൈ 26–ാം തീയതി തിങ്കളാഴ്ച 5.00 പി.എം.ന് മുമ്പായി അതത് ഭദ്രാസന അദ്ധ്യക്ഷനിലൂടെയോ, ഭദ്രാസന ഓഫീസിലൂടെയോ മെത്രാപ്പോലീത്തായെ അറിയിക്കണം. മെത്രാപ്പോലീത്തായുടെ തീരുമാനം അന്തിമമായിരിക്കും.
5. ആക്ഷേപ നടപടികൾക്കു ശേഷം അന്തിമ വോട്ടർപട്ടിക സഭാ ആഫീസിലും, സഭയുടെ വെബ്സൈറ്റിലും, പ്രസക്ത ഭാഗങ്ങൾ അതത് ഭദ്രാസന ആസ്ഥാനങ്ങളിലും 2021 ജൂലൈ 28–ാം തീയതി ബുധനാഴ്ച 4.00 പി.എം.ന് പ്രസിദ്ധീകരിക്കുന്നതാണ്.
6. സഭ/ഭദ്രാസന ആഫീസുകളിൽ നിന്നും വോട്ടർ പട്ടികയുടെ കോപ്പികൾ വിലയ്ക്കു വാങ്ങാവുന്നതാണ്.
7. നാമനിർദ്ദേശ പത്രികയിൽ സ്ഥാനാർത്ഥികളുടെ പേരും, നിർദ്ദേശകരുടെയും അനുവാദകരുടെയും പേരുകളും, രജിസ്റ്റർ നമ്പരുകളും, ഇടവകകളും, വോട്ടേഴ്സ് ലിസ്റ്റിലെപ്പോലെ തന്നെ ആയിരിക്കേണ്ടതാണ്.
8. എന്നാൽ പട്ടക്കാരെ സംബന്ധിച്ചിടത്തോളം അവർ ശുശ്രൂഷ ചെയ്യുന്ന ഇടവകയുടെയോ സ്ഥാപനത്തിന്റെയോ പേരു ചേർത്താലും സ്വീകാര്യമാണ്.
9. തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണത്തിൽ കൂടുതൽ നിർദ്ദേശിതർ ഇല്ലാതെയിരുന്നാൽ നിർദ്ദേശിക്കപ്പെട്ട സ്ഥാനികൾ തെരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കുന്നതാണ്.

## പൊതു തെരഞ്ഞെടുപ്പുകൾ

10. 2020–2023 കാലയളവിലേക്ക് താഴെപറയുന്ന സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

| നമ്പർ | സ്ഥാനം | എണ്ണം |
|---|---|---|
| 1 | സഭാ സെക്രട്ടറി | 1 |
| 2 | വൈദിക ട്രസ്റ്റി | 1 |
| 3 | അത്മായ ട്രസ്റ്റി ആന്റ് ഖജാൻജി | 1 |
| 4 | വൈദിക തെരഞ്ഞെടുപ്പ് കമ്മറ്റി | |
| (i) | വൈദീകർ | 5 |
| (ii) | അത്മായർ | 8 |

11. പ്രസ്തുത തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച എല്ലാ കാര്യങ്ങളും മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിലും വരണാധികാരിയുടെ ചുമതലയിലും ആയിരിക്കും. മെത്രാപ്പോലീത്താ അപ്പലേറ്റ് അതോറിറ്റിയും ആയിരിക്കുന്നതാണ്.
12. തെരഞ്ഞെടുപ്പു സംബന്ധിച്ച് ക്രമീകരണങ്ങൾ ചെയ്യുന്നതിനും മെത്രാപ്പോലീത്തായുടെ തീരുമാനങ്ങൾക്ക് വിധേയമായി നിർദ്ദേശങ്ങൾ നൽകുന്നതിനും റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ, റൈറ്റ് റവ. തോമസ് മാർ തിമഥെയോസ് എപ്പിസ്കോപ്പാ എന്നിവരെ വരണാധികാരികളായി നിയമിച്ചിരിക്കുന്നു. ആവശ്യാനുസരണം സഹവരണാധികാരികളെയും നിയമിക്കുന്നതാണ്.
13. മെത്രാപ്പോലീത്തായുടെ തീരുമാനത്തിനു വിധേയമായി പൊതുതെരഞ്ഞെടുപ്പ് സംബന്ധമായ നിർദ്ദേശങ്ങൾ നൽകുന്നതിനും തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും വരണാധികാരികൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
14. നാമനിർദ്ദേശ പത്രികകൾ 2021 ആഗസ്റ്റ് 4–ാം തീയതി ബുധനാഴ്ച്ച 1.00 പി.എം.ന് മുൻപായി സഭാ ആഫീസിൽ ലഭിച്ചിരിക്കണം. അതിനുശേഷം ലഭിക്കുന്ന പത്രികകൾ സ്വീകരിക്കുന്നതല്ല. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന അന്നേ ദിവസം 2.00 പി.എം.ന് സഭാ ആഫീസിൽ വരണാധികാരികളുടെ മേൽനോട്ടത്തിൽ നടത്തുന്നതാണ്. സൂക്ഷ്മപരിശോധനയ്ക്ക് ശേഷം സ്വീകരിക്കപ്പെടുന്ന സ്ഥാനാർത്ഥികളുടെ പേരുകൾ അന്നുതന്നെ വൈകിട്ട് 5 മണിക്ക് സഭാ ആഫീസിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.
15. നാമനിർദ്ദേശ പത്രികകൾ പിൻവലിക്കുന്നതിനുള്ള അവസാന സമയം 2021 ആഗസ്റ്റ് 7–ാം തീയതി ശനിയാഴ്ച 2.00 പി.എം. വരെ ആയിരിക്കും.
16. സ്ഥാനാർത്ഥികളുടെ പൂർണ്ണ ലിസ്റ്റ് അന്തിമ രൂപത്തിൽ 2021 ആഗസ്റ്റ് 7–ാം തീയതി ശനിയാഴ്ച്ച 5.00 പി.എം.ന് സഭാ ആഫീസിലും സഭയുടെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതാണ്.
17. ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കേരളത്തിലെ 8 ഭദ്രാസനങ്ങളിൽ ഭദ്രാസനങ്ങളിൽ നിന്നുള്ള സഭാ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പിനോടൊപ്പം, പൊതുതിരഞ്ഞെടുപ്പ് *(സഭാ സെക്രട്ടറി വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി ആന്റ് ഖജാൻജി, വൈദിക തെരഞ്ഞെടുപ്പ് കമ്മറ്റി)* നടത്തുന്നതാണ്. പൊതു തെരഞ്ഞെടുപ്പിന് ആവശ്യമായ ബാലറ്റ് പേപ്പർ, ബോക്സ്, ആദിയായ സാമഗ്രികകൾ സഭാ ആഫീസിൽ നിന്ന് അതാത് ഭദ്രാസന കേന്ദ്രങ്ങളിൽ എത്തിക്കുന്നതും, ഭദ്രാസന എപ്പിസ്കോപ്പയുടെ ചുമതലയിൽ തെരഞ്ഞെടുപ്പ് നടത്തി സീലുചെയ്ത ബാലറ്റ് ബോക്സും അനുബന്ധ പേപ്പറുകളും തെരഞ്ഞെടുപ്പ് നടന്നതിന്റെ പിറ്റേ ദിവസം 5 പി.എം നുള്ളിൽ മെത്രാപ്പോലീത്തായെ ഏൽപ്പിക്കേണ്ടതുമാണ്.
18. കേരളത്തിനു വെളിയിലുള്ള ഭദ്രാസനങ്ങളിൽ പോസ്റ്റൽ ബാലറ്റ് വഴി തെരഞ്ഞെടുപ്പ് നടത്തുന്നതിനാണ് ക്രമീകരണം ചെയ്യുന്നത്. കേരളത്തിനു പുറത്തുള്ള മണ്ഡലാംഗങ്ങൾക്ക് 2021 ആഗസ്റ്റ് 13–ാം തീയതി വെള്ളിയാഴ്ച ബാലറ്റ് പേപ്പറും നിർദ്ദേശങ്ങളും രജിസ്റ്റേർഡ് പോസ്റ്റ് -അക്നോളഡ്ജ്മെന്റ് ഡ്യൂ/കൊറിയർ സർവ്വീസ്/സ്പീഡ് പോസ്റ്റ് ആയി അയക്കുന്നതാണ്. വരണാധികാരി അയച്ചുതരുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് മണ്ഡലാംഗങ്ങൾ വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ 2021 ഒക്ടോബർ 13–ാം തീയതി ബുധനാഴ്ച 1.00 പി.എം.ന് മുമ്പായി ലഭിക്കത്തക്കരീതിയിൽ രജിസ്റ്റേർഡ് പോസ്റ്റ്/കൊറിയർ സർവ്വീസ്/സ്പീഡ് പോസ്റ്റ് ആയി വരണാധികാരിയുടെ പേർക്ക് പൂലാത്തീൻ ആഫീസിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ബാലറ്റ് പേപ്പർ സ്വീകരിക്കുന്നതല്ല.
19. 2021 ഒക്ടോബർ 15–ാം തീയതി വെള്ളിയാഴ്ച്ച 10.00 എ.എം.മുതൽ വരണാധികാരിയുടെ മേൽനോട്ടത്തിൽ വോട്ടുകൾ എണ്ണി തിട്ടപ്പെടുത്തുകയും തുടർന്ന് ഫലം പ്രഖ്യാപിക്കുന്നതുമായിരിക്കും.

## സഭാ കൗൺസിൽ തെരഞ്ഞെടുപ്പ്

20. സഭാ കൗൺസിലിലേക്ക് ഭദ്രാസന അടിസ്ഥാനത്തിൽ തെരഞ്ഞടുക്കപ്പെടുന്നവരിൽ, കുറഞ്ഞത് അൻപത് ശതമാനം പുതിയ അംഗങ്ങൾ ആയിരിക്കണം. *(അഞ്ച് പേർ തെരഞ്ഞെടുക്കപ്പെടുന്ന ഭദ്രാസനങ്ങളിൽ നിന്ന് മൂന്ന് അംഗങ്ങളും, നാലു പേർ തെരഞ്ഞെടുക്കപ്പെടുന്ന ഭദ്രാസനങ്ങളിൽ നിന്ന് രണ്ട്*

*അംഗങ്ങളും, മൂന്നു പേർ തെരഞ്ഞെടുക്കപ്പെടുന്ന ഭദ്രാസനങ്ങളിൽ നിന്ന് രണ്ട് അംഗങ്ങളും, പുതിയ അംഗങ്ങൾ ആയിരിക്കണം. ഒരാൾ മാത്രമാണെങ്കിൽ ആ അംഗം പുതിയതായിരിക്കണം).*

21. മലേഷ്യ-സിംഗപ്പൂർ-ആസ്ട്രേലിയ-ന്യൂസിലാൻഡ് ഭദ്രാസനം ഒഴികെയുള്ള മറ്റെല്ലാ ഭദ്രാസനങ്ങളിൽ നിന്നും ഒരു പട്ടക്കാരനും അത്മായ പ്രതിനിധികളായി ഒരു പുരുഷനും ഒരു സ്ത്രീയും തെരഞ്ഞെടുക്കപ്പെട്ടിരിക്കണം. നാലോ അതിലധികമോ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെടേണ്ട ഭദ്രാസനങ്ങളിൽ നാലാമത്തെ അംഗം ശേഷിക്കുന്ന അത്മായ സ്ഥാനാർത്ഥികളിൽ ഏറ്റവും കൂടുതൽ വോട്ടു ലഭിക്കുന്ന ആളും, അഞ്ചാമത്തെ അംഗം പട്ടക്കാരും അത്മായരും ഉൾപ്പെടെ ശേഷിക്കുന്ന സ്ഥാനാർത്ഥികളിൽ ഏറ്റവും കൂടുതൽ വോട്ടു ലഭിക്കുന്ന ആളും ആയിരിക്കും.

    സഭയുടെ സുവിശേഷ പ്രവർത്തനങ്ങളുടെ ഫലമായി സഭാംഗങ്ങളായി ചേർന്നിട്ടുള്ളവരിൽ നിന്നും സഭാ കൗൺസിലിലേക്ക് രണ്ട് പേരെങ്കിലും തെരഞ്ഞെടുക്കപ്പെടുന്നില്ലെങ്കിൽ, ഈ വിഭാഗം മണ്ഡലാംഗങ്ങളിൽ നിന്നും രണ്ടു പേർ സഭാ കൗൺസിലിൽ ഉണ്ടാകത്തക്കവണ്ണം, ഏറ്റവും കൂടുതൽ ശതമാനം വോട്ടു ലഭിച്ച ആളിനെയോ, ആളുകളെയോ, ഒരു ഭദ്രാസനത്തിൽ നിന്നും ഒന്നിൽ കൂടാത്തവണ്ണം മെത്രാപ്പോലീത്താ നോമിനേറ്റു ചെയ്യുന്നതാണ്.

22. ഭദ്രാസനങ്ങളിൽ കൂടെ നടത്തപ്പെടുന്ന തെരഞ്ഞെടുപ്പിന്റെ പൂർണ്ണ ചുമതല അതത് ഭദ്രാസന അദ്ധ്യക്ഷന്മാരിൽ നിക്ഷിപ്തമായിരിക്കും. തെരഞ്ഞെടുപ്പിന്റെ നടത്തിപ്പിനായി ഭദ്രാസന അദ്ധ്യക്ഷൻ ഒരു വരണാധികാരിയെ നിയമിക്കുന്ന പക്ഷം അദ്ദേഹം ഭദ്രാസന അദ്ധ്യക്ഷന്റെ തീരുമാനത്തിനും സഭാ ഭരണഘടനയ്ക്കും വിധേയമായി തെരഞ്ഞെടുപ്പ് സംബന്ധമായ എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതാണ്. പ്രസ്തുത തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള ഇതര നിർദ്ദേശങ്ങൾ അതതു ഭദ്രാസന അദ്ധ്യക്ഷന്മാർ അറിയിക്കുന്നതാണ്.

23. ഭദ്രാസനങ്ങളിലെ അത്മായ മണ്ഡലാംഗങ്ങളുടെ ആകെ സംഖ്യ കണക്കാക്കുന്നത്, ഇടവകകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടാവുന്നവരും, മെത്രാപ്പോലീത്തായാൽ മണ്ഡലത്തിലേക്ക് നോമിനേറ്റ് ചെയ്യപ്പെടുന്നവരും, അംഗീകൃത സംഘടനകളുടെ പ്രതിനിധികളും ഉൾപ്പെടുന്നതായിരിക്കും.

24. മെത്രാപ്പോലീത്തായാൽ നോമിനേറ്റ് ചെയ്യപ്പെടുന്നവരും അംഗീകൃത സംഘടനകളുടെ പ്രതിനിധികളും അവരവർ ഉൾപ്പെടുന്ന ഇടവകകൾ സ്ഥിതി ചെയ്യുന്ന ഭദ്രാസനങ്ങളിലെ അംഗങ്ങളായിരിക്കും.

25. ഭരണഘടന 164(1) (a) അനുസരിച്ച് ഭദ്രാസനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ട കൗൺസിൽ അംഗങ്ങളുടെ സംഖ്യ താഴെപ്പറയും പ്രകാരം ക്ലിപ്തപ്പെടുത്തിയിരിക്കുന്നു:

| നമ്പർ | ഭദ്രാസനം | ആകെ വരാവുന്ന അത്മായ അംഗങ്ങൾ | കൗൺസിൽ അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | നിരണം – മാരാമൺ | 95 | 4 |
| 2 | ചെങ്ങന്നൂർ – മാവേലിക്കര | 92 | 4 |
| 3 | റാന്നി – നിലയ്ക്കൽ | 123 | 5 |
| 4 | നോർത്ത് അമേരിക്ക-യൂറോപ്പ് | 67 | 3 |
| 5 | കൊട്ടാരക്കര – പുനലൂർ | 89 | 4 |
| 6 | അടൂർ | 81 | 4 |
| 7 | തിരുവനന്തപുരം – കൊല്ലം | 79 | 4 |
| 8 | ചെന്നൈ – ബാംഗ്ലൂർ | 59 | 3 |
| 9 | ഡൽഹി | 41 | 3 |
| 10 | കോട്ടയം – കൊച്ചി | 93 | 4 |
| 11 | കുന്നംകുളം – മലബാർ | 61 | 3 |
| 12 | മുംബൈ | 52 | 3 |
| 13 | മലേഷ്യ-സിംഗപ്പൂർ-ആസ്ട്രേലിയ -ന്യൂസിലൻഡ് | 13 | 1 |
| 14 | ഗൾഫ് റീജിയൻ | 25 | 1 |

26. ഭദ്രാസനാടിസ്ഥാനത്തിൽ നടത്തുന്ന സഭാ കൗൺസിൽ തെരഞ്ഞെടുപ്പിന്റെ വോട്ട് എണ്ണി ഫലം പ്രഖ്യാപിക്കേണ്ടതും, അത് ഭദ്രാസനാഫീസിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, ഒരാഴ്ചയ്ക്കകം മെത്രാപ്പോലീത്തായ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, സഭാ സെക്രട്ടറി പൊതു മണ്ഡലത്തിൽ പ്രസ്താവിക്കേണ്ടതും ആയത് മണ്ഡലയോഗ മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതുമാണ്.

27. തെരഞ്ഞെടുപ്പിൽ നിർദ്ദേശകനും അനുവാദകനും അതാത് ഭദ്രാസനത്തിൽ/മേഖലയിൽപ്പെട്ട മണ്ഡലാംഗങ്ങൾ തന്നെയായിരിക്കണം.
28. ഡൽഹി, മുംബൈ, ചെന്നൈ – ബാംഗ്ലൂർ, നോർത്ത് അമേരിക്ക–യൂറോപ്പ് എന്നീ ഭദ്രാസനങ്ങളിൽ നിന്നുമുള്ള സഭാ കൗൺസിൽ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്, സൗകര്യാർത്ഥം, പോസ്റ്റൽ ബാലറ്റ് മുഖേന മെത്രാപ്പോലീത്തായുടെ അനുമതിയോടെ അതത് ഭദ്രാസനാദ്ധ്യക്ഷന്റെ ചുമതലയിലും മലേഷ്യ–സിംഗപ്പൂർ – ആസ്ട്രേലിയ–ന്യൂസിലൻഡ് ഭദ്രാസനത്തിന്റെയും, ഗൾഫ് മേഖലയിൽ നിന്നുള്ള തെരഞ്ഞെടുപ്പും മെത്രാപ്പോലീത്തായുടെ ചുമതലയിലും നടത്തപ്പെടുന്നതാണ്.

**<u>കേരളത്തിലെ ഭദ്രാസനങ്ങളിൽ നിന്നും സഭാ കൗൺസിലിലേക്ക് നടത്തപ്പെടുന്ന തെരഞ്ഞെടുപ്പ്</u>**

29. കേരളത്തിലെ ഭദ്രാസനങ്ങളിലെ തെരഞ്ഞെടുപ്പ് കഴിവതും 2021 സെപ്റ്റംബർ 10–ാം തീയതി വെള്ളിയാഴ്ച നടത്തേണ്ടതാണ്. പ്രസ്തുത തീയതിക്ക് വ്യത്യാസമുള്ളപക്ഷം മെത്രാപ്പോലീത്തായുടെ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.
30. നാമനിർദ്ദേശ പത്രികകൾ നിർദ്ദിഷ്ട ഫോറത്തിൽ 2021 ആഗസ്റ്റ് 04–ാം തീയതി ബുധനാഴ്ച 1.00 പി.എം.ന് മുമ്പായി അതത് ഭദ്രാസന ആഫീസുകളിൽ ലഭിച്ചിരിക്കണം. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന അന്നേ ദിവസം 2.00 പി.എം.ന് അതത് ഭദ്രാസന ആഫീസുകളിൽവെച്ച് അതത് വരണാധികാരികളുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നതും സ്വീകരിക്കപ്പെടുന്ന പേരുകൾ അന്നുതന്നെ വൈകിട്ട് 5 മണിക്ക് അതത് ഭദ്രാസന ആഫീസുകളിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണ്.
31. നാമനിർദ്ദേശ പത്രികകൾ പിൻവലിക്കാനുള്ള അവസാന സമയം 2021 ആഗസ്റ്റ് 7–ാം തീയതി ശനിയാഴ്ച 2.00 പി.എം. വരെ ആയിരിക്കുന്നതാണ്. സ്ഥാനാർത്ഥികളുടെ പൂർണ്ണ ലിസ്റ്റ് അന്തിമരൂപത്തിൽ 2021 ആഗസ്റ്റ് 7–ാം തീയതി ശനിയാഴ്ച 5.00 പി.എം.ന് അതത് ഭദ്രാസന ആഫീസുകളിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.
32. സമർപ്പിക്കേണ്ട നാമനിർദ്ദേശ പത്രികയുടെ മാതൃക ഇതോടൊപ്പം അയയ്ക്കുന്നു.

പ്രിയരെ, മണ്ഡലാംഗത്വം ശ്രേഷ്ഠ ഉത്തരവാദിത്വമുള്ള ചുമതലയും ദൈവനിയോഗവുമാണെന്ന് ഉൾക്കൊണ്ട് അച്ചടക്കത്തോടെ സഭയുടേയും ദൈവരാജ്യത്തിന്റെയും അഭ്യുന്നതിക്കായി പ്രവർത്തിക്കുവാൻ ബാധ്യസ്ഥരാണ് അംഗങ്ങൾ എന്ന് നാം പ്രബോധിപ്പിക്കുന്നു. മണ്ഡലയോഗങ്ങളും തെരഞ്ഞെടുപ്പുകളും ദൈവനാമ മഹത്വത്തിനായി ഭവിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2021 ജൂലൈ 17–ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# മലങ്കര മാർത്തോമ്മാ സുറിയാനി സഭാ പ്രതിനിധി മണ്ഡലം

## നാമനിർദ്ദേശ പത്രിക

**ഏത് സ്ഥാനം ..............................................................................................................................**

| സ്ഥാനാർത്ഥിയുടെ പേരും മേൽവിലാസവും | സ്ത്രീ/ പുരുഷൻ | രജിസ്റ്റർ നമ്പർ | ഇടവക | ഭദ്രാസനം | ഒപ്പ് |
|---|---|---|---|---|---|
| | | | | | |
| **നിർദ്ദേശകന്റെ പേരും മേൽവിലാസവും** | **സ്ത്രീ/ പുരുഷൻ** | **രജിസ്റ്റർ നമ്പർ** | **ഇടവക** | **ഭദ്രാസനം** | **ഒപ്പ്** |
| | | | | | |
| **അനുവാദകന്റെ പേരും മേൽവിലാസവും** | **സ്ത്രീ/ പുരുഷൻ** | **രജിസ്റ്റർ നമ്പർ** | **ഇടവക** | **ഭദ്രാസനം** | **ഒപ്പ്** |
| | | | | | |

മേൽപറഞ്ഞിരിക്കുന്ന സ്ഥാനത്തേക്ക് ഞാൻ സ്ഥാനാർത്ഥിയാകുന്നതിന് സമ്മതിച്ചിരിക്കുന്നു.

സ്ഥാനാർത്ഥിയുടെ പേര് : ..........................................................................

മേൽവിലാസം :..........................................................................

..........................................................................

സ്ഥലം.............................

തീയതി............................. ഒപ്പ്.............................

നോട്ട്: 1) രജിസ്റ്റർ നമ്പറും വോട്ടേഴ്സ് ലിസ്റ്റിലെ നമ്പറും ഒന്നായിരിക്കണം. 2) ഒന്നിൽ കൂടുതൽ സ്ഥാനങ്ങളിലേക്ക് നാമനിർദ്ദേശ പത്രികകൾ കൊടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓരോ സ്ഥാനത്തേക്കും പ്രത്യേകം പ്രത്യേകം നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കേണ്ടതാണ്.

# FROM THE APOSTOLIC SEE OF MALANKARA
# DR. THEODOSIUS MAR THOMA METROPOLITAN

**Circular No. 24**

*Blessings to you all the Vicars, Resident Clergy, Trustees, Sabha Pratinidhi Mandalam Members and Members of all the Parishes under our authority*

Beloved in Christ,

As per the Circular No. 351 by His Grace Dr. Joseph Mar Thoma Metropolitan, the allotted term of the Prathinidhi Mandalam for the period 2017-2020 ended on March 31, 2020 and those Mandalam members, elected for the term 2020-2023 from April 1, 2020 onwards and submitted the signed sworn affidavit as stipulated in the Sabha Constitution Sections 124 and 148, were granted membership in parish Kaisthana Samithi. Through the Circular No. 367, in accordance with Sabha Constitution Section 64 and in consultation with the Episcopal Synod, all parishes and Mandalam members were informed about the postponement of the Sabha Prathinidhi Mandalam meeting scheduled to be held on 2020 September 2-4 due to the global spread of Covid-19 pandemic.

The Sabha Council, which met on January 21, 2021 to decide the date and venue for convening the next meeting of the Mandalam in compliance with the Sabha Constitution Clause 104, held a detailed discussion and after getting convinced about the technical and practical difficulties to convene the Mandalam meetings ensuring either the direct or online participation of all members in the context of the present special circumstance, unanimously decided to request the Metropolitan to take appropriate decision on the basis of Sabha Constitution Clause 390 A. The Episcopal Synod met on the same day unanimously decided to request the Metropolitan to take a proper decision regarding this matter in conformity with Sabha Constitution Clause 64. Accordingly, all were informed through Circular No. 8 dated 2021 January 25 that it was not possible to conduct the Mandalam meetings before March 31, 2021.

Whereas the Covid-19 Pandemic spread and lockdown regulations still continue, the Sabha Council which met on July 14, 2021 discussed the proposal made by the Church Legal Affairs Committee that it will not be appropriate to postpone the Mandalam meeting indefinitely, and as Webinar package is available for all the members to participate, and since it is not feasible to convene the Mandalam meetings as stipulated in the Constitution, the Sabha Council in compliance with the Sabha Constitution Clause 390 (A) unanimously recommended to the Metropolitan to convene the Mandalam meeting for the years 2019-20 and 2020-21 on October 13, 14, and 15 (Wednesday, Thursday, Friday), 2021 at Thiruvalla Dr. Alexander Mar

Thoma Memorial Auditorium through Webinar platform and elect Sabha Council members, Sabha Secretary, Clergy Trustee, Lay Trustee & Treasurer, and Vaideeka Selection Committee members. Therefore, I hereby inform all of you the following stipulations regarding the Mandalam Meeting.

As it is required according to the provisions of the Sabha Constitution Clause 107 that the decisions of the Mandalam duly submitted to the approval of the Episcopal Synod and through a Circular to the Church the Metropolitan needs to publish those decisions approved by the Synod, and in view of the special circumstance in which the Prathinidhi Mandalam could not meet in 2020, and as per Sabha Constitution Clause 390(A), I hereby declare that after presenting the Annual Report and Income-Expenditure Accounts for 2019-20 and the Budget for 2020-21 of the Church and its organizations in the Mandalam meeting to be held on October 13,14, and 15, 2021, anticipating their approval by the Episcopal Synod, the Annual Report and Income-Expenditure Accounts for 2020-21 and the Budget for 2021-22 could be presented and passed subsequently in the same meeting.

The Sabha Secretary will issue the formal notice for the Mandalam meeting. The Metropolitan, Episcopas, Office bearers, Sabha Council members, and Recording Secretaries will remain in the venue of the meeting, Dr. Alexander Mar Thoma Memorial Auditorium and the Mandalam members will participate in the meeting through the special link provided from the Sabha Office.

The stipulated rules for conducting the elections at the Diocesan level and through postal ballots are stated as below:

1. Mandalam members must exercise their franchise prayerfully and truthfully as it is a solemn duty which requires utmost care.
2. Those who are elected must be faithful to God and of good conduct, and be prepared to take part in the mission of the Church and willing to spend time for the same.
3. The Sabha Secretary will publish the Voters List at the Sabha Office on Tuesday July 20, 2021 at 11.00 am and its relevant sections at the Diocesan Centres on Tuesday July 20, 2021 at 4.00 pm, incorporating the names of the Mandalam members received until 5.00 pm on Monday July 19, 2021.
4. Complaints, if any, about the Voters List must be brought to the attention of the Metropolitan through the respective Diocesan Episcopas or Diocesan Offices before 5.00 pm on Monday July 26, 2021. Metropolitan's decision will be final.
5. After the complaints procedures, the final Voters List will be published at the Sabha Office and on the Sabha website and its relevant sections at respective Diocesan Centres on Wednesday July 28, 2021 at 4.00 pm.
6. Copies of the Voters list can be purchased from the Sabha/Diocesan Offices.

7. All entries in the nomination papers such as the names of the candidates, proposer, and supporter as well as their Register numbers and parishes must be made as they appear in the Voters List.
8. But for clergy it is acceptable if they enter the names of the parishes or institutions in which they serve.
9. The Returning officer will declare the candidates elected if there are not more candidates in the fray as required to be elected.

**General Elections**

10. Elections will be conducted for the following positions for the period of 2020-2023.

| Number | Office | Posts |
|---|---|---|
| 1 | Sabha Secretary | 1 |
| 2 | Vaideeka Trustee | 1 |
| 3 | Lay Trustee & Treasurer | 1 |
| 4 | Vaideeka Selection Committee: | |
| (1) | Clergy | 5 |
| (2) | Laity | 8 |

11. All these elections will be conducted under the supervision of the Metropolitan and the responsibility of the Returning Officers. Metropolitan will be the appellate authority.
12. Rt. Rev. Joseph Mar Barnabas Suffragan Metropolitan and Rt. Rev. Thomas Mar Timotheos Episcopa are appointed as Returning Officers to organize the election procedures and give instructions in conformity with the decisions by the Metropolitan. Co-Returning Officers will be appointed if necessary.
13. Returning Officers will have the authority to give instructions and take decisions regarding the general election subject to the decisions of the Metropolitan.
14. Nomination papers must be received at the Sabha Office before 1.00 pm on Wednesday August 4, 2021. Nominations received after the deadline will not be accepted. Scrutiny of the nomination papers will be done at 2.00 pm on the same date under the supervision of the Returning Officers at the Sabha Office. After scrutiny the list of accepted candidates will be published at the Sabha Office at 5.00 pm on the same date.
15. The last time for withdrawal of candidature will be until 2.00 pm on Saturday August 7, 2021.
16. The complete and final list of candidates will be published at 5.00 pm on Saturday August 7, 2021 at the Sabha Office and on the Sabha website.
17. In view of the present special circumstance, general election (Sabha Secretary, Clergy Trustee, lay Trustee & Treasurer, and Vaideeka Selection Committee) will be held along with the election of Sabha Council members from the Dioceses at Eight Dioceses in Kerala. Ballot paper, Boxes, and other materials for the general election will be provided by the

Sabha Office to the respective Diocesan Centres and after the polling is conducted under the supervision of the Diocesan Bishops, the sealed ballot boxes and associated materials must be returned to the Metropolitan by 5.00 pm on the next day of polling.

18. For outside Kerala Dioceses the election is arranged to be held through postal ballots. For the Mandalam members of outside Kerala Dioceses the Ballot paper and instructions will be sent on Friday August 13, 2021 by Registered Post-Acknowledgment Due/Courier Service/Speed Post. Mandalam members can cast their votes according to the instructions provided by the Returning Officers and must return the Ballots before 1.00 pm on Wednesday October 13 to the Returning Officers at Poolatheen Office by Registered Post/Courier Service/Speed Post. Ballot papers will not be received after the stipulated time.
19. Counting of votes will be done from 10.00 am on Friday October 15, 2021 under the supervision of the Returning Officer and the results declared afterwards.

**Sabha Council Election**

20. A minimum of fifty percent elected from the Diocesan level to the Sabha Council must be new members (From the Dioceses entitled to elect five members three members and from Dioceses with four members two and from Dioceses with three members two must be new members. From Dioceses entitled to elect one member, that person must be new.
21. Except for the Diocese of Malaysia-Singapore-Australia-New Zealand, from all other Dioceses one clergy and among the lay representatives one male and one female must get elected. From those Dioceses entitled to elect four or more members the fourth member will be the person receiving more votes among the lay candidates and the fifth member will be the candidate who bags more votes from among the remaining clergy and lay candidates.

    From those who became Church members as a result of Missionary work, if at least two candidates do not get elected to the Sabha Council, then to include two members from that category, the Metropolitan will nominate one or two candidates who bagged more votes with a restriction of not more than one person from one Diocese.
22. The full responsibility of the elections done at the Diocesan level rests with the respective Diocesan Bishops. If a Diocesan Bishop appoints a Returning Officer, that person will execute all the functions related to the conduct of elections in accordance with the decisions of the Diocesan Bishop subject the Sabha Constitution. The respective Diocesan Bishops will communicate other instructions related to the electoral process.

23. The calculation of the total number of Lay Mandalam members from each Diocese is done by including the members likely to get elected from parishes, members nominated by the Metropolitan, and members who represent the recognized organizations.
24. Members nominated by the Metropolitan and members elected from the recognized organizations will be members of the Dioceses to which their parishes belong.
25. As per Constitution Clause 164 (1) (a) the number of Council members to be elected from different Diocese is limited as following:

| Number | Diocese | Total probable Number of Lay Members | Number of Council Members |
|---|---|---|---|
| 1 | Niranam-Maramon | 95 | 4 |
| 2 | Chengannur-Mavelikkara | 92 | 4 |
| 3 | Ranny-Nilackal | 123 | 5 |
| 4 | North America-Europe | 67 | 3 |
| 5 | Kottarakkara-Punalur | 89 | 4 |
| 6 | Adoor | 81 | 4 |
| 7 | Thiruvananthapuram-Kollam | 79 | 4 |
| 8 | Chennai-Bangalore | 59 | 3 |
| 9 | Delhi | 41 | 3 |
| 10 | Kottayam-Kochi | 93 | 4 |
| 11 | Kunnamkulam-Malabar | 61 | 3 |
| 12 | Mumbai | 52 | 3 |
| 13 | Malaysia-Singapore-Australia-New Zealand | 13 | 1 |
| 14 | Gulf Region | 25 | 1 |

26. After counting of votes and declaration of the results of the Sabha Council election conducted at the Diocesan level the results must be published at the Diocesan Office, and report the election to the Metropolitan within a week, and the Sabha Secretary will declare the same at the Mandalam meeting and record it in the minutes of the meeting.
27. In the election process the proposer and the supporter must be Mandalam members from the respective Diocese/Region
28. For the sake of convenience, the election of Council members from the Dioceses of Delhi, Mumbai, Chennai-Bangalore, and North America-Europe will be held through postal ballot under the responsibility of the Diocesan Bishops with permission from the Metropolitan and the election from the Malaysia-Singapore-Australia-New Zealand and Gulf Region will be conducted under the responsibility of the Metropolitan.
29. As far as possible the election to the Sabha Council from the Dioceses in Kerala must be done on Friday September 10, 2021. If there is a change in the date of election, permission should be taken from the Metropolitan.

30. Nomination papers in prescribed forms must be received at the Diocesan Offices before 1.00 pm on Wednesday August 4, 2021. Scrutiny of the nomination papers will take place at the respective Diocesan Offices under the supervision of the Returning Officers and the names of approved candidates will be published at the Diocesan Offices at 5.00 pm on the same date.
31. The deadline for withdrawal of candidature will be 2.00 pm on Saturday August 7, 2021. The complete and final list of candidates will be published at 5.00 pm on Saturday August 7, 2021 at the respective Diocesan Offices.
32. The model nomination paper for submission is attached.

Beloved, I exhort the Mandalam members to consider your membership in the Mandalam as a very important responsibility and divine calling and therefore you are bound to work for the enhancement of the Church and God's Kingdom with a sense of discipline. Let us pray that the Mandalam meetings and elections will bring glory to God's name.

Grace and Peace of our Lord Jesus Christ be with you all.

Dated 18th of July 2021 from the Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**

# Malankara Mar Thoma Syrian Church
# Sabha Prathinidhi Mandalam
# Nomination Paper

Office/Position: ……………………………………………………………………………………………………………………

| **Name and address of Candidate** | **Male/ Female** | **Register Number** | **Parish** | **Diocese** | **Signature** |
|---|---|---|---|---|---|
| | | | | | |
| **Name and address of Proposer** | **Male/ Female** | **Register Number** | **Parish** | **Diocese** | **Signature** |
| | | | | | |
| **Name and address of the Supporter** | **Male/ Female** | **Register Number** | **Parish** | **Diocese** | **Signature** |
| | | | | | |

I agree to be a candidate for the above mentioned office

Name of Candidate: Signature:
Address:

Place:
Date:

---

*Note: 1) Register number and the number on the list must be the same. 2) Those who wish to contest for more than one position must submit separate nomination paper for each office*